# കാലിക്കറ്റ് സർവകലാശാല

## ആഭ്യന്തര ഓഡിറ്റ് വിഭാഗം (ഫിനാൻസ് ബ്രാഞ്ച് )

### ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഫിനാൻഷ്യൽ എക്കണോമിക്സ് ആൻഡ് ഫിനാൻഷ്യൽ എഞ്ചിനീയറിംഗ് JMC തൃശ്ശൂർ -ഓഡിറ്റ് റിപ്പോർട്ട് -2019

13732/FIN-INT.AUDIT-2/2019/Fin 06.06.2019

ആഭ്യന്തര ഓഡിറ്റ് വിഭാഗം 25.4.19.,26.4.2019 എന്നീ തിയ്യതികളിലായി ഇന്റർ യൂണിവേഴ്സിറ്റി സെന്ററിൽ കണക്കു പരിശോധന നടത്തിയിരുന്നു.അതിന്റെ കണ്ടെത്തലുകൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് സംഘാംഗങ്ങൾ :

**സെക്ഷൻ ഓഫീസർ :രജനീദേവി പി .കെ .**

**അസ്സിസ്റ്റന്റ്സ് :സത്യനേശൻ.സി**

**:മനോജ്കുമാർ.ടി**

ഡിപ്പാർട്മെന്റ് തലവൻ:**ഷൈജൽ.ഡി**

അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ :**മുഹമ്മദലി.കെ**

കോൺടാക്ട് അധ്യാപകർ :5_

കമ്പ്യൂട്ടർ അസിസ്റ്റന്റ് :1

പ്യൂൺ :1

**a)ബാങ്ക് അക്കൗണ്ട് :**സ്ഥാപനത്തിന്റെ പണമിടപാടുകൾ SBI വെസ്റ്റ് ഫോർട്ട് തൃശ്ശൂരിലുള്ള ബ്രാഞ്ച് A/c No.67376634294 വഴിയാണ് നടത്തുന്നത്. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 28.3.2019 ഇൽ 135238.50 രൂപ ബാലൻസുണ്ട് .

**b)അഡ്മിഷൻ രജിസ്റ്റർ :**സ്ഥാപനത്തിൽ ഫിനാൻഷ്യൽ എക്കണോമിക്സിൽ PG കോഴ്സാണ് നടത്തുന്നത്. ആകെ അനുവദിക്കപ്പെട്ടിരിക്കുന്ന സീറ്റുകളുടെ എണ്ണം 20 ആണ്.

**c)ക്യാഷ് ബുക്ക് :** TR-5രസീത് No.309092 ന്റെ വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. 25.4.2019ലെ ക്യാഷ് ബുക്കിലെ ബാലൻസ് 126738.50 രൂപയാണ്.ബാങ്ക് സ്റ്റെമെന്റിലെ ബാലൻസ് 126738.50 രൂപയാണ്. വ്യത്യാസം കാണുന്നില്ല.

**d)TR-5 രസീത് :** TR-5 രസീത് ബുക്കുകൾ കൈകാര്യം ചെയ്തിരിക്കുന്നത് ശരിയായ രീതിയിലല്ല എന്നാണ് കാണുന്നത്.കുട്ടികൾക്ക് റെസീതിന്റെ ഡ്യൂപ്ലിക്കേറ്റ് മുറിച്ചു നൽകുന്നതിനു പകരം, ഒറിജിനൽ കൊടുത്തതായിട്ടു കാണുന്നു. ഏകദേശം 96 എണ്ണം രസീതുകൾ കുട്ടികൾക്ക് മുറിച്ചു നൽകുവാനുള്ളതായിട്ടു കാണുന്നു. അതിനുള്ള നടപടികൾ എടുക്കേണ്ടതാണ്.

**e)ധനവിനിയോഗ രജിസ്റ്റർ :**ധനവിനിയോഗ രജിസ്റ്റർ ശരിയായ രീതിയിലാണ് സൂക്ഷിക്കുന്നത്.സ്ഥാപനത്തിന്റെ പ്രവർത്തനത്തിനായിട്ടു അനുവദിക്കപ്പെട്ട തുകയും ചിലവാക്കിയ തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| SL.No. | Budget code | Allottment | Expenditure | Balance |
|---|---|---|---|---|
| 1 | Part II B41-4025-02 | 967871 | 617966 | 349905 |
| 2 | PartII B35-4014-02 | 1356038 | Nil | |
| 3 | PartII B35-4015-02 | 1721524 | 548235 | 1173289 |
| | | 227537+ | | |

| | | | | |
|---|---|---|---|---|
| 4 | PartII B35-4017-02 | 300000 | 454339 | 73198 |
| 5 | PartII B35-4018-02 | 377163 | 16089 | 361074 |
| | Total | 4950133 | 1636629 | 1957466 |

**അഡ്മിഷൻ രജിസ്റ്റർ :**പ്രസ്തുത രജിസ്റ്റർ പരിശോധിച്ചതിൽ ഫിനാൻഷ്യൽ എക്കണോമിക്സ് കോഴ്സ് ആണ് സ്ഥാപനത്തിൽ നടത്തുന്നത് എന്ന് കണ്ടു.ആകെ അനുവദിക്കപ്പെട്ടിരിക്കുന്ന സീറ്റുകളുടെ എണ്ണം 20 ആണ്.

**ഇ-ഗ്രാന്റ്സ് രജിസ്റ്റർ :** ഇ-ഗ്രാന്റ്സ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കുട്ടികൾക്ക് ഇ-ഗ്രാന്റ്സ് വിതരണം ചെയ്യുന്നത് പണമായിട്ടാണ് കൊടുക്കുന്നത്.ഇത് ശരിയായ രീതിയല്ല. കുട്ടികൾക്ക് ചെക്കായിട്ടാണ് കൊടുക്കേണ്ടത്. ഇ-ഗ്രാന്റ്സ് ഇടപാടുകൾ കറന്റ് അക്കൗണ്ട് വഴിയല്ല നടത്തുന്നത്. ഇതിനുവേണ്ടി പ്രത്യേകം കറന്റ് അക്കൗണ്ട് തുടങ്ങേണ്ടതാണ്.ഇ-ഗ്രന്റ്സിനു ക്ലെയിം ചെയ്ത തുക ,ബാച്ച്, തീയതി, അനുവദിക്കപ്പെട്ട തുക, വിതരണം ചെയ്തതിന്റെ വിശദ വിവരങ്ങൾ എന്നിവ ഇ-ഗ്രാന്റ്സ് രെജിസ്റ്ററിൽ രേഖപ്പെടുത്തി മേലൊപ്പ് വെക്കേണ്ടതാണ്.

**കോഷൻ ഡെപ്പോസിറ്റ രജിസ്റ്റർ :** 2016-18 ബാച്ചിലെ ആകെയുള്ള 20 കുട്ടികളിൽ 10 പേർക്ക് കോഷൻ ഡെപ്പോസിറ്റ തുക തിരിച്ചു കൊടുക്കുവാനുണ്ട്. 250 രൂപയാണ് ഒരു കുട്ടിയിൽ നിന്നും വാങ്ങിക്കുന്ന തുക.

**PTA രജിസ്റ്റർ :** PTA ഫണ്ട് 500 രൂപയാണ്. apsc ബാങ്ക് തൃശൂർ ബ്രാഞ്ചിൽ അക്കൗണ്ട് No. 11887 വഴിയാണ് ഇടപാടുകൾ നടത്തുന്നത്.

**അറ്റൻഡൻസ് രജിസ്റ്റർ :** അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചു, അപാകതകൾ കണ്ടില്ല.

**അക്സെഷൻ രജിസ്റ്റർ :** പ്രസ്തുത രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ആകെ 1183 പുസ്തകങ്ങൾ ഉള്ളതായിട്ട് കാണുന്നു. ഏതെങ്കിലും പുസ്തകങ്ങൾ കേടുവന്നതായിട്ടോ നഷ്ട്ടപ്പെട്ടതായിട്ടോ കണ്ടില്ല.

**പൊതുവായ കാര്യങ്ങൾ :**

a)സ്ഥാപനത്തിലെ സ്റ്റോക്കിൽ ഉൾപ്പെട്ടിരിക്കുന്ന വസ്തുക്കളിൽ ഉപയോഗയോഗ്യമായതു, അല്ലാത്തത് എന്നിങ്ങിനെ വാർഷിക കണക്കെടുപ്പ് വേളയിൽ തരം തിരിച്ചു സ്റ്റോക്ക് രെജിസ്റ്ററിൽ രേഖപ്പെടുത്താവുന്നതാണ്.

b)2017-18 വർഷത്തെ DCB സ്റ്റെമെന്റ്റ് പരിശോധിച്ചപ്പോൾ 8325 രൂപ കിട്ടാനുള്ളതായിട്ട് കാണുന്നു.

CU CAMPUS — Suresh K.K